# ചരൽപാതയുടെ നീളം

നീണ്ട ചരൽപ്പാതയുടെ അങ്ങേ അറ്റത്തേക്കു ശാന്തി വീണ്ടും നോക്കി. ആകാശത്തുനിന്ന് ഒഴുകിയ ചൂടിനുതാഴെമയങ്ങികിടക്കുന്നപാത.

ഭർത്താവ് എറിഞ്ഞുടയ്ക്കുകയും വലിച്ചെറിയുകയും ചെയ്യുന്ന പാത്രങ്ങളുടെ ചീളുകൾ മുറ്റത്തെത്തുന്നുണ്ട്. മുരിങ്ങയുടെ ചുവട്ടിൽ ഇരുന്നു പാത്രം തേക്കുന്നിടത്തുനിന്ന് ശാന്തി അവയിലേക്ക് കുറച്ചുനേരം നോക്കിയിരുന്നു.

പിന്നെ,ചീറിവരുന്നപാത്രക്കഷണങ്ങൾക്കിടയിലൂടെപതിവുപോലെഅടുക്കളയിലേക്കുകയറി.

ഭർത്താവു കൈയോങ്ങാൻ വരുമെന്ന് അറിയാമായിരുന്നു. പെട്ടെന്ന് കൈയിലുള്ള കഴുകിയ പാത്രങ്ങൾ കൊണ്ടു തടുത്തു. ഭർത്താവിന്റെ കൈ ഊക്കോടെപാത്രങ്ങളിൽ തട്ടി. ഒരു നിലവിളിയോടെഅയാൾ കൈ അമർത്തിപ്പിടിച്ചു തുടകൾക്കിടയിലേക്കുവച്ചു. 'വേല'യ്ക്കും താനും ദാക്ഷായണിയും കൂടി വാങ്ങിയ ചില്ലിന്റെ വട്ടപ്പാത്രം തകർന്നിരിക്കുന്നു. അതിന്റെ ചിതറിയ കക്ഷണങ്ങൾക്കിടയിൽനിന്നു ശാന്തി അയാളെ വീണ്ടും നോക്കി.

വേദയാർന്ന കൈയിൽഅമർത്തിത്തിരുമ്മുകയാണ് ഭർത്താവ്.

വേണമെങ്കിൽഇപ്പോൾഒരുപാത്രമെടുത്തുഭർത്താവിനെലാക്കാക്കിതനിക്കെറിയാം.

താനെന്താണ്അതുചെയ്യാത്തത്?

പാത്രങ്ങൾ ചിതിറിയതു പെറുക്കിയെടുക്കുമ്പോൾ ഭർത്താവ് വീണ്ടും അടുത്തുവന്നു. ദേഷ്യംകൊണ്ടു ചുവന്ന കണ്ണുകൾ. അടുക്കളിയിലേക്കു കടക്കുന്ന കട്ടിളപ്പടിയിൽ നിവർന്നുനിന്ന് അയാള ശാന്തിയുടെ വിയർപ്പു നിറഞ്ഞ നഗ്നമായ ചുമലിൽ അമർത്തിപ്പിടിച്ചു. ഒരു നേർത്ത നിലവിളിയോടെ പാത്രങ്ങൾ ചുവട്ടിലിട്ടുശാന്തിചുവരിൽഅമർത്തിപ്പിടിച്ചു.

കടിക്കാൻ വേണ്ടി, തന്നെ പിടിച്ചുനിർത്തിയ കൈകൾ മുലകളിൽ തട്ടി ഒരു നിമിഷം തടഞ്ഞുനിന്നതു ശാന്തിഅറിഞ്ഞു. ഇപ്പോൾ ഭർത്താവിന്റെ കണ്ണുകൾ, വിയർപ്പിന്റെ നനവു നിറഞ്ഞ തന്റെ മുലകൾക്കിടയിലെ വിടവിലാണ്.അവിടെനിന്ന്ഒതുങ്ങിയഅരക്കെട്ടിലേക്ക്.

മടിക്കുത്തിൽ കൈവീഴുന്നതിനു മുമ്പെശാന്തിപറഞ്ഞു:''അകത്തേക്ക്നടക്കൂ.ഞാനിതാവരുന്നു.''

സൗമ്യമായ ആ സമ്മതംമൂലൽ ഭർത്താവിനിഷ്ടപ്പെട്ടില്ല.വാരിക്കെട്ടിവച്ച മുടിയിലാണ് അയാൾപിടിച്ചത്, നിന്നിടത്തുനിന്ന് ശാന്തിതെന്നി. പാത്രങ്ങൾ ശബ്ദത്തോടെ ചിതറി ഉമ്മറപ്പടിയിൽ കാൽമുട്ടുതട്ടി. ഭർത്താവു കുത്തിപ്പിടിച്ചതലമുടിയുടെനിണ്ടഅറ്റംചുമലിലൂടെ മുന്നോട്ടിവീണു.

''ഹോ, ഒരുസമ്മതം!''

ഛിന്നഭിന്നമായിക്കിടക്കുന്നപാത്രങ്ങൾക്കിടയിലൂടെതന്നെയുംവലിച്ചുനടക്കുന്ന ഭർത്താവിന്റെ മുഖം തല കുനിഞ്ഞിരുന്നതു കാരണം ശാന്തിക്കു കാണാൻ കഴിഞ്ഞില്ല. പകരം അയാളുടെ കുഴിനഖം കുത്തിയ തേഞ്ഞ നഖങ്ങളും ചളിനിറഞ്ഞ മുഷിഞ്ഞ കാലടിയും കണ്ടു. കാൽവണ്ണയിലെ കട്ടിയായ രോമങ്ങൾ കണ്ടു. അതെന്നുംതനിക്കിഷ്ടമായിരുന്നു.അതിനു മുകളിൽ മടക്കിക്കുത്തിയ മുണ്ടിന്റെ ഒരു ഭാഗവുംകണ്ടു.

വേണമെങ്കിൽ ഒന്നമർത്തിപ്പിടഞ്ഞാൽ നഖക്കുറ്റിയിൽ ഒന്നു പെടച്ചാൽ തന്റെ മുടിയിൽനിന്നു ഭർത്താവിന്റെ പിടിവിടർത്താം തൊട്ടു മുന്നിൽ ഉള്ള വടക്കേ വാതിലിലൂടെ ഓടി കുഞ്ഞിക്കണ്ണമ്മയുടെ വീട്ടിലെത്താം. കഴുത്തിലെ പല്ലിന്റെ നീറുന്ന പാടുകളിൽ കൈയമർത്തി ശാന്തി ഓർത്തു. എന്നിട്ടെന്ത താനതു ചെയ്യാത്തത്?

ഭർത്താവ് അകത്തെ മുറിയുടെ വാതിൽക്കലെത്തിയിരുന്നു. അവിടെനിന്നു ഭർത്താവ് ശാന്തിയെ അകത്തേക്കു തള്ളി ഒപ്പംവാതിൽവലിച്ചടച്ചു.അതോടെഅകത്തുനിറച്ചിരുട്ടായി. ശാന്തി കഴുത്തിലെപാടിൽ, വലിച്ചുകൊണ്ടുവന്നപ്പോൾഅയഞ്ഞുപോയ മുണ്ടിൽ കൈ ഒന്നുകൂടി തൊട്ടു.

നേരേഅടയാൻകൂട്ടാക്കാത്തവാതിലിന്റെവിടവിലൂടെവീഴുന്നവെളിച്ചത്തിന്റെകഷണംഭർത്താവിന്റെ മുഖത്ത് ഒരു കത്തിപ്പാടുപോലെ വീഴുന്നതു ശാന്തി കണ്ടു. മുഖത്തെ നേർത്ത രോമങ്ങൾ, അവയ്ക്കിടയിൽ പൊടിച്ചുനിന്ന ചെറിയ ചെറിയ കുരുക്കൾ, കത്തുന്ന മണമുള്ള വിയർപ്പ് എല്ലാം ആ മങ്ങിയ കീറിൽ തെളിഞ്ഞു.

ഓരഴ്ചമുമ്പ്, ഭർത്താവ് മരംവെട്ടാൻ കാട്ടിൽപോയ സമയത്ത്, രാത്രി, ജാരനായ വേലായുധന്റെകൂടെ സിനിമ കണ്ടിരുന്നപ്പോൾ കടലവിൽക്കാൻ വന്നവന്റെ മുഖത്തെയാണ് ആ കുരുക്കൾ ഓർമ്മിപ്പിച്ചത്. കടല വിൽക്കാൻ വന്നവൻ അശ്ലീലമായ ഒരു നോട്ടത്തോടെ ഒരു കടലപ്പൊതി തന്റെ മടിയിലേക്കെറിഞ്ഞു. തന്റെ തുടയിൽ അമർത്തിവച്ചിരുന്ന വേലായുധന്റെ കൈയിലാണ് ആ പൊതി കൊണ്ടത്. വേലായുധന്റെ കണ്ണുകൾ മുന്നിലെചിത്രത്തിൽകാലുകൾനഗ്നമാക്കിഅതിവേഗംതിരിയുന്ന സ്ത്രീയിൽതറച്ചുനിന്നു.

''കടല വാങ്ങിച്ചോ.'' ചിത്രത്തിൽനിന്നും മുഖം തിരിക്കാതെ വേലായുധൻ പറഞ്ഞു: ''എട്ടണയേ ഉണ്ടാവൂ.''

''വേണ്ട.''താൻപറഞ്ഞു.

ആകെതന്റെകൈയിലുണ്ടായിരുന്നആറുരൂപയിൽനിന്നാണുസിനിമയ്ക്കു രണ്ടു ടിക്കറ്റെടുത്തത്.

''ചിത്രം നന്ന്.'' വേലായുധൻപറഞ്ഞു.''ഇനീം വരാം.''

ഇരുട്ടിൽഅർദ്ധരാത്രിക്കുസിനിമകഴിഞ്ഞുപുറത്തിറങ്ങുമ്പോൾ വേലായുധൻ തന്റെ കൈതലോടി.

പാത്രം തേച്ചും അടിച്ചു തളിച്ചും ഉണ്ടായ ചെറിയ കറുത്ത വരകൾ കാരണം മൊരച്ചിരുന്ന തന്റെ കൈ താൻ പെട്ടെന്നുജാള്യതയോടെവലിച്ചെടുത്തു.

''താളിന്റെ ഇല പോലെ മിനുസം'' വേലായുധൻ പറഞ്ഞു: ''വയറാണെങ്കി വാഴക്കുമ്പാള പോലെ... ഇനീംവരാംസിനിമയ്ക്ക്...''

''നാളെ രാവിലെവീട്ടിലേക്കൊന്നുവര്വോ. ഒരുകാര്യംണ്ടായിരുന്നു.''

''പകലോ...'' വേലായുധൻ ചോദിച്ചു; നിന്റെ കെട്ട്യോൻഅറിഞ്ഞാൽഇന്നെഒറ്റവെട്ടിന്കൊല്ലും.''

''എന്നെക്കൊന്നിട്ടേ കൊല്ലു.'' വേലായുധന്റെ മുഖത്തെ പരിഭ്രമത്തിൽ നോക്കി നിന്നാണു താൻ പറഞ്ഞത്. ''ആ നേരംകൊണ്ട്ഓടിപ്പോവാം.''

''പേടിക്കണ്ട''. ശാന്തി പിന്നെ പതുക്കെ കൂട്ടിച്ചേർത്തും; ''വെറുതെ പറഞ്ഞതാണ്. എന്റെ കാര്യം എനിക്ക്ചെയ്യാലോ.''

അന്നു വേലായുധൻ ഇറയത്തു മനസ്സമാധാനത്തോടെകിടന്നുറങ്ങി. തുറന്നുവച്ചപിൻവാതിൽ നോക്കി വേലായുധനടുത്തുതാൻചരിഞ്ഞുകിടന്നു.

പണിമാറ്റി വന്ന് ഒരു സന്ധ്യയ്ക്കു മുരിങ്ങച്ചുവട്ടിൽ നിൽക്കുമ്പോഴാണ് വേലായുധൻ ആദ്യമായി വേലിക്കരികിൽവന്നുതന്നെനോക്കിച്ചിരിച്ചത്.

മനസ്സുവിടർന്നുനിന്ന ആ നിമിഷംഇപ്പോഴും ഓർമയുണ്ട്.

''പുഴവക്കത്ത്പൂവ്വാം.''താൻപറയും''അവിടെനല്ലതണുപ്പാണ്.''

''നിന്റെ കെട്ട്യോനോ?'' വേലായുധൻ ചോദിക്കും.

''ദൂരെ പൊയിരിക്ക്യാ.കാട്ടില് മരം വെട്ടാൻ.''

''ഇന്ന്വരില്ല്യാലോ.''

''നാളേംവരില്ല.''

അന്തിമയങ്ങി നിറഞ്ഞ ഇരുട്ടിൽ മുട്ടറ്റംവെള്ളത്തിൽ രാത്രി വേലായുധന്റെ കൂടെ അക്കരയ്ക്കു കടക്കുമ്പോഴൊക്കെ ഓരോ തവണയും പറയും. ''ഇതവസാനത്തെ തവണയാണ്.'' പക്ഷേ, പുഴവെള്ളം മേലിൽ ഊക്കോടെ തെറിക്കുമ്പോൾ വളരെ സുഖം തോന്നും. നനുത്ത മുടിയിഴകളിൽ കാറ്റു തട്ടുമ്പോഴും തോന്നും സുഖം. ആകാശത്തിനു ചുവട്ടിൽ ലോകത്തിന് എന്തൊരു വലിപ്പമാണെന്നു തോന്നും. ചരൽ പാതയുടെ അറ്റമെത്തുന്നതുവരെ എപ്പോൾ വേണമെങ്കിലും തനിക്ക് വഴി വേറെയാക്കമല്ലോ എന്നു വിചാരിക്കും.

അപ്പോഴാണു വേലായുധൻ പറയുക: '' ഒരൊറ്റ ഓട്ടത്തിന് വീട്ടിലെത്തിക്കോ. ഞാനിവിടെത്തന്നെ നോക്കിനിൽക്കാം.''

ഒറ്റയ്ക്കുള്ള ആ നടത്തത്തിൽ ചരലുകൾ കാലുകൊണ്ടു തട്ടിത്തെറിപ്പിക്കും. പുഴവക്കത്തേക്കു നട്ടപ്പാതിരയ്ക്കു ഭ്രാന്തിയെപ്പോലെ ഓടുന്നതെന്തിനാണെന്ന് ഓർക്കും. ഈയിടെ വേലായുധൻ കരയിൽ ഇരിക്കാറാണ് പതിവ്. ''പോയിട്ട് വാ അക്കരെ.ഞാനിവിടെ മലർന്നു കിടക്കാം. ''എന്നാണുപറയാറ്. വെള്ളം തെറിച്ചു നനഞ്ഞ ജാക്കറ്റിൽ തലോടി വേലായുധൻ പുഴവക്കത്തെ ചായക്കടയിൽ നിന്നു മേടിച്ചുതന്ന മുറുക്കിന്റെയും കുപ്പിവളയുടെയും പൊതി ഊക്കോടെ വേലിക്കപ്പുറത്തേക്കു വലിച്ചെറിയും തിരിഞ്ഞുനോക്കുമ്പോൾ വേലായുധൻ അതേപടി അകലെ നില്ക്കുന്നുണ്ടാവും. മുന്നിൽ ഇരുട്ടിൽ പുതയുന്ന വഴികടന്നാൽവീടാണ്.വാതിൽതള്ളിത്തുറക്കുമ്പോൾശബ്ദമുയരും.പിന്നെജനാൽക്കൽവന്ന്വഴിയിലേക്കു നോക്കി കുറച്ചുനേരം നിൽക്കും. രാത്രിയെ പുറത്താക്കി വാതിലടയ്ക്കാൻ ശ്രമിച്ചു വരുമ്പോൾ അകത്തും കഞ്ഞിക്കലത്തിലും, പായയ്ക്കു മുകളിലും രാത്രി, കരിതേച്ചു മെഴുകിയ നിലംപൊലെ തിളങ്ങും. പുഴയ്ക്കു മുകളിലെ ഓളങ്ങൾ പോലെ ഇരുട്ടു ചീളായി അടരുന്നതു കണ്ണാലെ കാണും. കാൽക്കീഴിൽ അവ കുമിയുമ്പോഴാണ് പേടി തോന്നുക. പായയിൽ അടിമുടി മൂടി കണ്ണുതുറന്നു കിടക്കുമ്പോൾ വിറക് അട്ടിയിടുന്നതുപോലെ രാത്രിഇരുട്ടിന്റെഅടരുകൾഅടുക്കുന്നതുതാൻകേട്ടിട്ടുണ്ട്.

ഭർത്താവ് ക്ഷീണിച്ചുകഴിഞ്ഞിരുന്നു. അയാൾ വിലിച്ചപ്പോൾ മുടിയുടെ കട, തോലിനും എല്ലിനും അടിയിൽഎന്തോ ഒന്നുവരെ വേദനിച്ചിരുന്നു.

ഉറങ്ങിത്തുടങ്ങിയിരുന്ന ഭർത്താവിന്റെ കൈ എടുത്തുമാറ്റി, പായയിൽ നിന്നെണീറ്റ് ശാന്തി നിവർന്നുനിന്നു. മടിത്തുമ്പുകൊണ്ടു വയറും മുഖവും അമർത്തിത്തുടിച്ചു. കാൽ പരത്തി, പാതി തുറന്ന വായയുമായി മലർന്നു കിടന്നുറങ്ങുന്ന ഭർത്താവിനെ ശാന്തി കുറച്ചുനേരം നോക്കിനിന്നു. കാട്ടിലേക്കു മരം വെട്ടാൻ പിറ്റേന്നു പോയാൽ തിരിച്ചെത്തുക ആഴ്ചകൾക്കു ശേഷമാണ്. നാളെ രാത്രി വേലായുധൻ വരും.

പതുക്കെ ഈ ജനാലയ്ക്കൽ തട്ടും. പുഴയോരത്തെ തണുപ്പ് ഓർമ്മവന്നു. ജനൽ തുറക്കുമ്പോൾ വേലായുധൻ പറയും: ''നിന്റെകെട്ട്യോൻനാളെവരില്ലല്ലോ.''

ജനലഴികൾക്കിപ്പുറത്തു നിൽക്കുമ്പോൾ കൂടെ പോണോ പോണ്ടയോ എന്ന ചോദ്യം മനസ്സിൽ തിരിച്ചും മറിച്ചുംഇട്ടുതട്ടിനോക്കും.

''നിന്റെ മാറ്പിന്നീംവലുതായടക്കണ്!''

''ആ ! മന്ത്രവിദ്യയാണ്!''

''ഇനീം വലുതാക്കിക്കോ.''

''കെട്ട്യോനിഷ്ടല്ല.''

അതോടെ വേലായുധൻ മിണ്ടാതാവും.

ഭർത്താവു തിരിഞ്ഞുകിടന്നതും പരത്തിവച്ച കാൽ ശാന്തിയുടെ കാൽക്കീഴിലെത്തിയതും ഒപ്പമായിരുന്നു.അതവൾകുറച്ചുനേരം നോക്കിനിന്നു.കറുത്തുവരവീണ ചെളിനിറഞ്ഞപാദങ്ങൾ.

തലയിണയ്ക്കു കീഴിൽ വച്ചിരുന്ന വലിയ മടവാൾ ശാന്തി വെറുതെ കൈയിലെടുത്തു തലയിണ പതുക്കെ ഇളകി. എന്നാൽ ഭർത്താവ് ഉണരുകയുണ്ടായില്ല. വാതിലിന്റെ വിടവിലൂടെ തെറിച്ചുവീഴുന്ന വെളിച്ചത്തിൽ ശാന്തി ഭർത്താവിനെ നോക്കിനിന്നു. വായ അല്പം തുറന്ന്, വായ്ക്കോണിലൂടെ തുപ്പലൊലിച്ചു കൈകൾനിലത്തുപരത്തിവച്ചുകാലകത്തിചരിഞ്ഞുകിടന്നാണ്അയാൾഉറങ്ങിയത്.

കുറച്ചുനേരംഅതേനില്പിൽനിന്നുശാന്തിഭർത്താവിനെപതുക്കെവിളിച്ചുണർത്തി.

മടവാൾഅയാൾക്കുകാണാവുന്നപോലെയാണ്ശാന്തിപിടിച്ചത്.

ഉറങ്ങിക്കിടന്നവനെ കൊന്നവൾ എന്ന ചീത്തപേര് എന്തായാലും സമ്പാദിക്കേണ്ട ആവശ്യമില്ല. മാത്രവുമല്ല, വേലായുധൻ പുഴക്കടവിൽ കൊണ്ടുപോയി, പിന്നിൽനിന്നു ചതിക്കുഴി വയ്ക്കുന്നവളല്ലേ നിയ്യ് എന്നു ചോദിച്ചാൽപറയാൻതന്റെപക്കൽഒരുത്തരംപോലുമുണ്ടായെന്നുവരില്ല.

ശാന്തി വീണ്ടും ഭർത്താവിനെ കാൽകൊണ്ടു തട്ടിവിളിച്ചു. ദേഷ്യത്തോടെ, ഊക്കിൽ തട്ടിപ്പിടഞ്ഞെഴുന്നേറ്റ ഭർത്താവു മുന്നിൽ മടവാളുമായി നിൽക്കുന്ന ശാന്തിയെ ഒട്ടും പ്രതീക്ഷിച്ചിരിക്കാൻ ഇടയില്ലാത്തതിനാൽസ്വാഭാവികമായും പേടിച്ച് ഒരപശബ്ദം പുറപ്പെടുവിക്കുകയാണു ചെയ്തത്. അതോടെ അയാളുടെ ഉറക്കംതീരെപോയി.

''എന്താതന്റെപേര്?''ശാന്തിചോദിച്ചു.

''ദിനകരൻ''.

''അല്ല. വേലായുധൻ.''

''വേലായുധൻ.'' ഭർത്താവ്ഏറ്റുപറഞ്ഞു.

''ആരാ വേലായുധൻ ?''ശാന്തി.

''അറിയില്ല.''

മടവാൾ കാണത്തക്കവിധം തന്നെ പിടിച്ചിരുന്നതുകൊണ്ട് ഭർത്താവു നിന്നിടത്തു നിന്ന് അനങ്ങാതിരുന്നത്ശാന്തിക്കുതമാശയായി തോന്നി.

മടവാൾഅവൾഒന്നുകുടി മുറുക്കിപ്പിടിച്ചു.

''എനിക്കുപുഴവക്കത്തേക്കു പോണം.''ശാന്തിപറഞ്ഞു. വേലകാണണം.

''ഈനട്ടുച്ചയ്ക്കോ?''

''അതെ.''

''കൊണ്ടുപോകാം.''

''പുഴേല്ധാരാളം വെള്ളണ്ട്.എന്നെഏറ്റണം.

''അറിയാം.''

''ചന്തേന്ന്കുപ്പിവളേംപാദസരോംവാങ്ങണം.''

''വാങ്ങാം.''

പക്ഷേ, ഇതൊന്നും അല്ലല്ലോ തനിക്കു വേണ്ടത് എന്നു ശാന്തി പെട്ടെന്നോർത്തു. വേലായുധൻ വാങ്ങിത്തന്നകുപ്പിവളഅതേപടിഇരിപ്പാണ്.പാദസരവും തൊട്ടിട്ടില്ല.

അതുകൊണ്ടുശാന്തിപറഞ്ഞു:

''അതൊക്കെപിന്നെയാവാം. ഇപ്പോൾഎന്റെകാൽഉടുത്തമുണ്ടിന്റെഅറ്റംകൊണ്ട്ഒന്നുതുടച്ചുതരൂ.''

ഭർത്താവ്കാൽക്കലേക്കുകുനിഞ്ഞു.

തന്റെ കാൽനഖങ്ങളിൽ കുഴിനഖം കുത്തിയിരിക്കുന്നതും കാൽക്കുതികൾ വിണ്ടു പൊട്ടിക്കീറിയിരിക്കുന്നതും ഭർത്താവു കാണുന്നുണ്ടാവും എന്നു ശാന്തി വേലാതിയോടെ ഓർത്തു. തന്റെ മനസ്സിൽ ഭർത്താവിന്റെകാലടികൾകണ്ടപ്പോൾ ഉണ്ടായ വെറുപ്പ്അയാളുടെ മനസ്സിലുംപതയുന്നുണ്ടാവും.

വെറുപ്പിന്റെ ചീളുകൾ മനസ്സിൽനിന്നു പൊറ്റപോലെ അടരുന്നതു ശാന്തി അറിഞ്ഞു. കാൽക്കൽ

ഭർത്താവ്എഴുന്നേൽക്കാനുള്ളഅനുവാദത്തിനുകാത്തിരിപ്പാണ്.

''മൂന്നുതവണഈമുറിമുട്ടിന്മേൽവലംവയ്ക്കണം.''

ഭർത്താവിനെ നോക്കാതെവളരെപതുക്കെശാന്തിപറഞ്ഞു.

പറഞ്ഞുകഴിഞ്ഞതും, താൻ എന്തിനാണ് ഇതൊക്കെ ആവശ്യപ്പെടുന്നതെന്നു ശാന്തി സ്വയം അത്ഭുതപ്പെട്ടു.

തലയിണക്കീഴിൽഎന്നും ഈ മടവാളുണ്ടായിരുന്നു.തനിക്കെത്താവുന്ന ദൂരത്തിൽ.

ഇപ്പോൾ, വേണമെങ്കിൽ ഈ വാതിൽ മലർക്കെ തുറന്നുവയ്ക്കാൻ തനിക്കു ഭർത്താവിനോടു പറയാം. നിശ്ശബ്ദനായി മുട്ടിലിഴയുന്ന ഭർത്താവിനെ നോക്കി ശാന്തി ഓർത്തു. മടവാൾ കൈയിൽവച്ചു.ചരൽപ്പാതയുടെ അറ്റംവരെയും അപ്പുറം പുഴവക്കത്തേക്കും നടന്നു പോകാം. ഭർത്താവിനെ ഒരു കുറ്റിയിൽ കാവൽനായയെപ്പോലെ കെട്ടിയിടാം.

പക്ഷേ,താനൊരിക്കലുംഇതൊന്നും ചെയ്യലുണ്ടാവില്ല.

അദൃശ്യമായ ഞാണിന്മേൽ സമനില വീണ്ടെടുക്കാനെന്നപോലെ ശാന്തി മടവാൾ മുറുക്കിപ്പിടിച്ചു. എവിടെയാണു തെറ്റുന്നതെന്നു പലതവണ ആലോചിച്ചിട്ടുണ്ട്. ചരടുകൾ എവിടെയാണ് എന്നു തനിക്കും അറിയില്ല. മടവാളിന്റെ ഇക്കാര്യം പറഞ്ഞാൽ വേലായുധൻ ചെകിട്ടത്ത് അടികൊണ്ടതുപൊലെ അന്തംവിട്ടു തന്നെ നോക്കിനിൽക്കുകയേ ഉള്ളൂ.

പിന്നെ സിനിമയ്ക്ക് ഇരിക്കുമ്പോൾ ഇരുട്ടിൽ, തന്റെ കൈയിൽ മടവാൾ ഉണ്ടോയെന്നായിരിക്കും വേലായുധൻതപ്പിനോക്കുക.

പുഴവക്കത്തുതണുത്തമണലിൽഇരിക്കുമ്പോൾതാൻചിരിക്കാൻ മറന്നുപോയെന്നുവരും.

മൂന്നാമത്തെവലംവയ്ക്കൽകഴിഞ്ഞുഭർത്താവ്വീണ്ടുംകാൽക്കലെത്തിയിരുന്നു.

ഭർത്താവിന്റെവിയർപ്പുനനഞ്ഞ നഗ്നമായതടിച്ചകഴുത്തുകാൽക്കീഴൽ,അകത്ത്.

അമ്പരപ്പോടെ,ചിരിക്കാൻ മറന്ന്അന്തിച്ചുനിൽക്കുന്ന വേലായുധന്റെ മുഖംപുറത്ത്.

കൈയിൽനിന്നു മടയവാളൊന്നു തെന്നിയാൽ എത്ര ഊക്കോടെയാവും ഭർത്താവു തന്നെ തട്ടിവീഴ്ത്തുക എന്നു ശാന്തി ഓർത്തുനോക്കി. അതോടെ, പഴയപ്പോലെ കഴുത്തിലെ വിയർപ്പ് അമർത്തിത്തുടച്ച് വാതിൽ പുറത്തുനിന്നു പൂട്ടിത്തുടങ്ങും. വേലായുധൻ പേടിച്ചു പേടിച്ചു കൊണ്ടു വരുന്ന കള്ളത്താക്കോലിന്റെകിലുക്കത്തിനും രാത്രിക്കും വേണ്ടിതാൻകാതോർത്തിരിക്കും.

അറപ്പ്, പഴുത്ത കുരുവിൽനിന്നു ചലം പോലെ മനസ്സിനെ മുഴുവൻ നനച്ചു കിനിയുന്നതു ശാന്തി അറിഞ്ഞു. അതിന്റെ മണം അസഹ്യമായപ്പോഴാണ്, എത്ര അടക്കിയിട്ടും പൊട്ടിപ്പോയ ഒരു കരച്ചിൽപോലെ ശാന്തി മടവാൾ തന്റെ തലയ്ക്കുനേരേ വീശിയത്. എഴുന്നേൽക്കാനുള്ള അനുവാദത്തിനുവേണ്ടി തന്റെ കാൽക്കൽ കുനിഞ്ഞിരുന്ന ഭർത്താവിന്റെ മുഖത്തേക്കു ചീറ്റുന്ന ചുകപ്പ് ശാന്തി ഒരു നിമിഷം കണ്ടു. പിന്നെ എന്തെന്നില്ലാത്തആശ്വാസത്തിന്റെ വെള്ളപ്പാച്ചിലിൽഅത്അപ്രത്യക്ഷമായി.